

# നോമ്പ് എഴാം ചൊവ്വ (ലൂക്ക 20: 9-19)

രക്ഷാകര പ്രവർത്തനങ്ങളുടെ പുരോഗതിയേയും അതിന് ദൈവത്തിന്റെ സ്വന്തം ജനം നൽകിയ പ്രത്യുത്തരത്തിന്റെയും ചിത്രമാണ് ഇന്നത്തെ വായനയിൽ വിവരിക്കപ്പെടുന്നത്. “അവൻ സ്വജനത്തിന്റെ അടുത്തേക്കു വന്നു, എന്നാൽ അവർ അവനെ സ്വീകരിച്ചില്ല” (യോഹ 1:11) എന്ന വചനങ്ങളിലൂടെ സുവിശേഷകനായ യോഹന്നാനും ഈ സത്യം വെളിപ്പെടുത്തുന്നു. മാനസാന്തര സന്ദേശവുമായി പ്രവാചകന്മാരെ അവിടുന്ന് അയച്ചു; എന്നാൽ ആ സന്ദേശങ്ങൾ സ്വീകരിക്കാനോ, ദൈവവഴികളിലേക്ക് തിരിയാനോ ജനം തയ്യാറായില്ല. എന്നാൽ തിരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേൽക്കാരിൽ നിന്നും വിഭിന്നമായി വിജാതിയർ മിശിഹായെ തിരിച്ചറിയുകയും അവർ ദൈവരാജ്യത്തിന് അവകാശികളാകുകയും ചെയ്യുന്നതായി നാം കാണുന്നു. സമരിയക്കാരി സ്ത്രീയും സമരിയക്കാരും (യോഹ 4) സക്കേവൂസും (ലൂക്കാ 19) കുഷ്ഠരോഗികളിൽ ഒരുവനും (ലൂക്കാ 17) നല്ല കള്ളനും അവരിൽ ചിലർ മാത്രം. ഈശോയുടെ പീഡാസഹനങ്ങളോട് താദാത്മ്യപ്പെട്ട് സ്വർഗ്ഗരാജ്യത്തിന് അവകാശികളാകാൻ പരിശ്രമിക്കുന്ന നമ്മൾ ഈശോയെ തിരസ്കരിച്ച ഇസ്രായേൽക്കാരുടെ കൂട്ടത്തിലാണോ തങ്ങളുടെ ജീവിതങ്ങളിലേക്ക് ഈശോയെ സ്വീകരിച്ച വിജാതിയരുടെ ഗണത്തിലാണോ എന്ന് പരിശോധിക്കാം.

തയ്യാറാക്കിയത്,
ഫാ. കുര്യാക്കോസ് മൂഞ്ഞേലി MCBS
12-04-2022

സീറോ മലബാർ ആരാധന ക്രമകമ്മീഷൻ
മൗണ്ട് സെന്റ് തോമസ്, കാക്കനാട്

Read more: wwwsyromalabarliturgy.org